**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2516** **13-09-2023 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ മാലിന്യമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ശുചിത്വമിഷനും ഹരിത കേരള മിഷനും ചേർന്ന് 2026 -ൽ കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിന് മാലിന്യ മുക്ത നവകേരളം എന്ന പേരിൽ കാമ്പയിൻ പ്രവർത്തനങ്ങൾക്ക് രൂപം നൽകി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 'മാലിന്യമുക്തം നവകേരളം' സമയബന്ധിതമായ ഭൗതിക ലക്ഷ്യവും സുസ്ഥിര സേവനപ്രദാന സംവിധാനവും കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണം, സേവനപ്രദാന സംവിധാനവും പ്രക്രിയയും ഉറപ്പാക്കൽ, സേവന ദാതാക്കളുടെ വൈദഗ്ധ്യവും നൈപുണ്യവും വികസിപ്പിക്കൽ, ആവശ്യമായ പുതിയ നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, മാർഗ്ഗരേഖകൾ എന്നിവ വികസിപ്പിക്കൽ, ജനങ്ങളുടെ മനോഭാവവും ശീലവും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് അനുയോജ്യമാക്കൽ തുടങ്ങി വിപുലവും വൈവിധ്യവുമാർന്ന പ്രവർത്തനങ്ങളാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നടത്തുന്നത്. കേരളത്തിന്റെ രോഗാതുരത കുറക്കുക, സർക്കുലർ എക്കൊണോമിയിൽ അധിഷ്ഠിതമായ ഉത്പാദന – തൊഴിൽ സാധ്യത സൃഷ്ടിക്കുക, കൂടുതൽ ആകർഷകവും സുരക്ഷിതവുമായ പ്രദേശമായി കേരളത്തെ മാറ്റിയെടുക്കുക തുടങ്ങിയവയാണ് മാലിന്യമുക്തം നവകേരളം എന്ന ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികൾ യുവജനങ്ങൾ, സ്ത്രീകൾ, മുതിർന്ന പൗരർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുന്ന ജനകീയ ക്യാമ്പയിനാണ് നടന്നു വരുന്നത്. മാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും വാതിൽപ്പടി സേവനം നൽകി അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും ഉറവിട മാലിന്യ |

| | | | |
|---|---|---|---|
| | | | സംസ്കരണവും തരംതിരിക്കലും പ്രോത്സാഹിപ്പിച്ചും കൊണ്ടുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടന്നു വരുന്നു. ജലാശയങ്ങളിൽ ഉൾപ്പെടെ 5,588 മാലിന്യക്കൂനകൾ ഇതിനകം നീക്കം ചെയ്തിട്ടുണ്ട്. 2023 ജൂൺ 05 നകം പൂർത്തീകരിക്കേണ്ട അടിയന്തര കാലഘട്ടം, 2023 നവംബർ 30-നകം പൂർത്തീകരിക്കേണ്ട ഹ്രസ്വകാലഘട്ടം, 2024 മാർച്ച് 31-നകം പൂർത്തീകരിക്കേണ്ട ദീർഘകാലഘട്ടം എന്നിങ്ങനെ 3 ഘട്ടങ്ങളായി തിരിച്ചുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവരുടേയും തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ചെയർമാനും ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കൺവീനറുമായി ജില്ലാ ഏകോപന സമിതികളും നിയോജക മണ്ഡലാടിസ്ഥാനത്തിൽ നിയമസഭാ സാമാജികർ ചെയർമാനായി നിയോജക മണ്ഡലം കമ്മിറ്റികളും പ്രവർത്തിച്ചു വരുന്നു. |
| (ബി) | സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ പാഴ്‌വസ്തുക്കൾ ഏതൊക്കെ വിധത്തിലാണ് പുനരുപയോഗിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; ഇതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേന ശേഖരിക്കുന്ന പാഴ് വസ്തുക്കൾ വാർഡ് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ / തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ എത്തിച്ച് അവയുടെ പുനഃചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേനയോ, പാഴ് വസ്തു വ്യാപാരികൾ മുഖേനയോ പുനഃചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറി വരുന്നു. പുനഃചംക്രമണയോഗ്യമല്ലാത്തതും, നിലവാരം കുറഞ്ഞതുമായ പ്ലാസ്റ്റിക്കുകൾ റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിക്കുന്നു. ബാക്കി വരുന്ന നിഷ്ക്രിയ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സിമന്റ് ഫാക്ടറികൾക്ക് കൈമാറുന്നു.<br><br>സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനിയ്ക്ക് പുറമേ ഈ മേഖലയിൽ പരിജ്ഞാനവും പരിചയസമ്പത്തുമുള്ള പ്രൈവറ്റ് ഏജൻസികളും അജൈവ പാഴ് വസ്തു ശേഖരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ